# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 676** **24.01.2018-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം മാർച്ച് 31-ന് മുമ്പ് എല്ലാ വീടുകളും വൈദ്യുതീ കരിക്കും എന്നത് യാഥാർഥ്യമാ ക്കിയോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഒരു ലക്ഷത്തി അൻപത്തി രണ്ടായിരത്തോളം ഗുണഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 1,50,807 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനംവകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതും ആയ ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലത്തിലുമുള്ള വീടുകൾക്കും വൈദ്യുതി എത്തിക്കാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്. 29.05.2017-ന് കേരളത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു. |
| (ബി) | ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് അറിയിക്കുമോ; | (ബി) | പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 175 കോടി രൂപ ചെലവഴിച്ചു. |
| (സി) | എല്ലാ വീടുകളിലും, പൊതു സ്ഥലങ്ങളിലും ഫിലമെന്റ് സി. എഫ്. എൽ. ബൾബുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടു ത്താമോ; | (സി) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒന്നേകാൽ കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. നോൺ പേയിംഗ് |

| | | | |
|---|---|---|---|
| | | | വിഭാഗക്കാർ (2) ബി. പി. എൽ വിഭാഗക്കാർ (1000 വാട്ടിന് താഴെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റിനു താഴെ ഉപഭോഗവും ഉള്ള വിഭാഗക്കാർ) എന്നിവർക്ക് രണ്ട് ബൾബുകൾ വീതം സൗജന്യമായാണ് നൽകുന്നത്. |
| (ഡി) | പൊതു നിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.യി ലേയ്ക്ക് മാറ്റുന്ന നടപടിയുടെ വിശദാംശം വ്യക്തമാ ക്കുമോ? | (ഡി) | സംസ്ഥാനത്ത് MLA LAD സ്കീം മുഖാന്തിരം കെ.എസ്.ഇ.ബി.എൽ. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതു നിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി. യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും വല്ലച്ചിറ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജക മണ്ഡലം, നെന്മാണിക്കര ഗ്രാമ പഞ്ചായത്ത്, മട്ടന്നൂർ ഗ്രാമ പഞായത്ത് തുടങ്ങിയവിടങ്ങളിൽ എൽ. ഇ. ഡി. തെരുവ് വിളക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്നതിന് നാലു വർഷം കൊണ്ട് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ഏകദേശം 538 കോടിയോളം മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന കെ. എസ്. ഇ. ബി.എൽ സമർപ്പിച്ച പദ്ധതി പരിശോധിച്ച് വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**